പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 158 08.12.2014-ൽ മറുപടിക്ക്

## സാമൂഹിക സുരക്ഷാ സെസ്

ചോദ്യം

ശ്രീ. ഇ.കെ. വിജയൻ :
" പി. തിലോത്തമൻ :
" കെ. അജിത് :
" ജി.എസ്. ജയലാൽ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ സമൂഹിക സുരക്ഷാ സെസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സെസ്സ് ഏർപ്പെടുത്താനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. യിൽ സാമൂഹിക സുരക്ഷാ സെസ് ഏർപ്പെടുത്തുന്നതിലേക്കായി, 15 രൂപ ടിക്കറ്റ് നിരക്ക് മുതൽ യാത്ര ചെയ്യുന്ന യാത്രികരിൽ നിന്നും നിശ്ചിത സ്ലാബിൽ തുക ഈടാക്കുന്നതിന് അനുമതി നൽകി സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലേക്ക് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചെങ്കിൽ മാത്രമേ ഈ പദ്ധതി നടപ്പാകുകയുള്ളൂ. സാമൂഹിക സുരക്ഷാ സെസ് ഏർപ്പെടുത്തുക വഴി യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകാനാണ് ഉദ്ദേശിക്കുന്നത്. കെ.എസ്.ആർ.ടി.സി ബസ്സുകളിൽ ടിക്കറ്റ് എടുത്ത് യാത്ര ചെയ്യുന്ന യാത്രക്കാർക്ക്, യാത്രക്കിടയിൽ ഉണ്ടായേക്കാവുന്ന അപകടങ്ങൾ മൂലം ഉണ്ടാകുന്ന ആശുപത്രി ചിലവുകൾ, അടിയന്തിര സഹായം എന്നിവ ലഭ്യമാക്കുന്നതിന് പ്രത്യേക ഗ്രൂപ്പ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും, യാത്രക്കാർക്കായി ബസ് സ്റ്റേഷനുകളിൽ നിലവിലുള്ളതിന് പുറമെ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി മെച്ചപ്പെട്ട ശീതീകരിച്ച കാത്തിരിപ്പ് കേന്ദ്രങ്ങളും ക്ലോക്ക് റൂമുകളും സജ്ജീകരിക്കുന്നതിനും തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷയ്ക്കും |

<table>
<tr><td></td><td></td><td></td><td>വേണ്ടിയാണ് സെസ്സ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത സെസ്സ് ഏർപ്പെടുത്തുന്നതുമൂലം എന്തെല്ലാം അധിക സൗകര്യങ്ങൾ യാത്രക്കാർക്ക് ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ;</td><td>(ബി)</td><td>യാത്രക്കാർക്ക് മെച്ചപ്പെട്ട ശീതീകരിച്ച കാത്തിരിപ്പ് കേന്ദ്രങ്ങൾ, ക്ലോക്ക് റൂം തുടങ്ങിയ സൗകര്യങ്ങൾ കൂടാതെ Accidental Death, Accidental Hospitalisation, Accidental Treatment, Hospitalisation Cash Allowance, Baggage Allowance തുടങ്ങിയ വിവിധ തരത്തിലുള്ള ഇൻഷ്വറൻസ് കവറേജുകൾ നൽകുവാനാണ് ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.</td></tr>
<tr><td>(സി)</td><td>എന്തെല്ലാം മാനദണ്ഡങ്ങൾക്ക് വിധേയമായി എത്ര വീതം സെസ്സാണ് പിരിക്കുന്നതെന്ന് വിശദമാക്കുമോ?</td><td>(സി)</td><td>വിശദാംശങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.
<table>
<tr><th>ടിക്കറ്റ് നിരക്ക്</th><th>സെസ് തുക</th></tr>
<tr><td>24 രൂപാ വരെ</td><td>ഇല്ല</td></tr>
<tr><td>25 രൂപ മുതൽ 49 രൂപ വരെ</td><td>2 രൂപ</td></tr>
<tr><td>50 രൂപ മുതൽ 74 രൂപ വരെ</td><td>3 രൂപ</td></tr>
<tr><td>75 രൂപ മുതൽ 99 രൂപ വരെ</td><td>4 രൂപ</td></tr>
<tr><td>100 രൂപയ്ക്കും അതിനു മുകളിലും</td><td>10 രൂപ</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ